'121030/2023

**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക.ജി,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ശ്രീ.രവികുമാർ.കെ സീനിയർ ക്ലർക്ക് -അച്ചടക്ക നടപടിയുടെ ഭാഗമായുള്ള തരംതാഴ്ത്തൽ-ശിക്ഷാ കാലാവധി പൂർത്തിയായതിനെ തുടർന്ന് ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1) വനിതാ ശിശുവികസന ഡയറക്ടറുടെ 01/06/2022 തീയതിയിലെ WCD/E5/7930/2020 നമ്പർ ഉത്തരവ്
2) വനിതാ ശിശുവികസന ഡയറക്ടറുടെ 14/09/2023 തീയതിയിലെ DWCD/2313/2022-E7 നമ്പർ ഉത്തരവ്

**ഉത്തരവ് നം. DWCD/5626/2023-E7 തീയതി: 14-10-2023**

വനിതാ ശിശുവികസന വകുപ്പിന് കീഴിൽ വയനാട് ജില്ലാ വനിതാ ശിശുവികസന ഓഫീസിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.രവികുമാർ.കെ , തൃശ്ശൂർ ചിൽഡ്രൻസ് ഹോമിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ സാമ്പത്തിക അപഹരണം നടത്തിയതിന് ടിയാന് കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ 11 (V) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് 01/06/2022 പ്രാബല്യത്തിൽ ഒരു വർഷ കാലയളവിലേയ്ക്ക് തരംതാഴ്ത്തി പട്ടാമ്പി ഐ.സി.ഡി.എസ് പ്രോജക്ടിൽ നിയമിച്ചുകൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പ് കൽപ്പിച്ച് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. തരംതാഴ്ത്തലിനു നിശ്ചയിച്ചിരുന്ന ഒരു വർഷ കാലയളവ് 31/05/2023 ന് പൂർത്തിയായിട്ടുണ്ട്. വനിതാ ശിശുവികസന വകുപ്പിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിന്ന് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പരാമർശം (2) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്.

ജീവനക്കാരന്റെ പേരിൽ നിലവിലുണ്ടായിരുന്ന ശിക്ഷാ കാലാവധി പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ ശ്രീ.കെ.രവികുമാറിന് KS&SSR ചട്ടം 28A(i) പ്രകാരം 39300-83000/- രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനം | പേര്,തസ്തിക,ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ.രവികുമാർ.കെ<br>സീനിയർ ക്ലർക്ക്<br>ഐ.സി.ഡി.എസ് പട്ടാമ്പി | ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ് അട്ടപ്പാടി |

ജീവനക്കാരന്റെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ സീനിയോരിറ്റി നിലവിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ ജൂനിയറായി നിർണ്ണയിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് ചട്ടപ്രകാരമുള്ള ശമ്പള

നിർണയത്തിനും നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ജീവനക്കാരനെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

PRIYANKA G

വനിതാ- ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാരന്

പകർപ്പ് :

1) ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്
2) ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്
3) സൂപ്രണ്ട്-ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4) സ്റ്റോക്ക് ഫയൽ/സ്പെയർ

'igned by Priyanka G
'ate: 14-10-2023 00:41:07